ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരമ്പരാഗത വ്യവസായമായ കരുപ്പുകട്ടി നിർമ്മാണത്തിലേർപ്പെട്ടിരിക്കുന്ന എത്ര പേരുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) നശിച്ചുകൊണ്ടിരിക്കുന്ന ഈ വ്യവസായത്തെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കരുപ്പുകട്ടി നിർമ്മാണ വ്യവസായവുമായി ബന്ധപ്പെട്ട് ഏകദേശം 1882 പേർ ഉണ്ട്.

(ബി) കരുപ്പുകട്ടി നിർമ്മാണ വ്യവസായത്തെ സംരക്ഷിക്കുന്നതിനു വേണ്ടി ഖാദി ബോർഡിന്റെ സഹായത്താൽ സഹകരണ സംഘങ്ങളുടെ ഒരു ഫെഡറേഷൻ പാറശ്ശാല കേന്ദ്രമാക്കി പ്രവർത്തനം നടത്തുന്നുണ്ട്. പ്രസ്തുത ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ പുതിയ പദ്ധതികൾ ആസൂത്രണം ചെയ്തു വരുന്നു. ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിനും സാങ്കേതിക ഉപദേശങ്ങൾ നൽകുന്നതിനും 'കെൽപാം' പ്രവർത്തിച്ചുവരുന്നു.

'സ്വരലയ' എന്ന സംഘടനയ്ക്ക് സാമ്പത്തിക സഹായം

22 (1363)ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'സ്വരലയ' എന്ന സംഘടനയ്ക്ക് സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ സാമ്പത്തിക സഹായവും സ്പോൺസർഷിപ്പും നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു തുക നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി)വിവരം ശേഖരിച്ചുവരുന്നു.

ചെറുകിട വ്യവസായ സംരംഭകർക്ക് വായ്പ പലിശയിൽ ഇളവ്

23(1364)പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായ സംരംഭകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് സർക്കാർ നൽകിവരുന്നത്;

(ബി) ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി വായ്പ എടുത്തിട്ടുള്ളവർക്ക് വായ്പ തുക അടച്ച് തീർത്തിട്ട് പലിശ ഭീമമായി വർദ്ധിച്ച് ബാക്കിയായാൽ പ്രസ്തുത പലിശയിൽനിന്നും എന്തെങ്കിലും ഇളവ് നൽകാൻ വേണ്ട നടപടി സ്വീകരിക്കുമോ;

(സി) വിശദാംശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ചെറുകിട വ്യവസായങ്ങൾക്കുള്ള മാർജിൻ മണി ലോൺ പരമാവധി ഒരു ലക്ഷം രൂപയിൽനിന്ന് 2.5 ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും പലിശ നിരക്ക് 11.3%ത്തിൽനിന്ന് 9%മായി കുറവു വരുത്തുകയും ചെയ്തിട്ടുണ്ട്. പ്രവാസി കേരളീയർ (സാങ്കേതിക വിദഗ്ദ്ധർ ഉൾപ്പെടെ) ആരംഭിക്കുന്ന വ്യവസായങ്ങൾക്ക് 5 ലക്ഷം രൂപ 9% പലിശ നിരക്കിൽ മാർജിൻ മണി ലോൺ നൽകുന്നതാണ്. വനിതാ വ്യവസായ സൊസൈറ്റികൾക്ക് നൽകുന്ന പരമാവധി ഓഹരി മൂലധനം 3.5 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. ചെറുകിട വ്യവസായ മേഖലയിലെ പീഡിത യൂണിറ്റുകളെ കണ്ടെത്തി അവ പുനരുദ്ധരിക്കുന്നതിനു വേണ്ടി സിക്ക് യൂണിറ്റ് പുനരുദ്ധാരണ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ പീഡിത വ്യവസായ യൂണിറ്റുകളായി തീർന്നേക്കാവുന്ന യൂണിറ്റുകളെ തിരിച്ചറിഞ്ഞ് അവയുടെ പുനരുദ്ധാരണത്തിന് പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കി വരുന്നു. 1999 -2000 വർഷത്തിൽ 15 ലക്ഷം രൂപ പദ്ധതി വിഹിതമായി വകകൊള്ളിച്ചിരിക്കുന്നു.

സ്ഥിര മൂലധന നിക്ഷേപത്തിന്റെ 15% പരമാവധി 15 ലക്ഷം രൂപവരെയും സബ്സിഡി നൽകുന്നു. ഇൻഫർമേഷൻ ടെക്നോളജി യൂണിറ്റുകൾക്ക് 20% നിരക്കിൽ പരമാവധി 25 ലക്ഷം രൂപ നൽകുന്നു.

പരിസ്ഥിതി മലിനീകരണ നിയന്ത്രണ ഉപകരണങ്ങൾക്ക് മുടക്കുന്നതുകയുടെ 15% പരമാവധി 5 ലക്ഷം രൂപവരെ സബ്സിഡി നൽകുന്നു.

വിപണനത്തിനുള്ള ടെന്ററുകളിൽ പങ്കെടുക്കുമ്പോൾ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന ചെറുകിട വ്യവസായ ഉല്പന്നങ്ങൾക്ക് മറ്റ് സംസ്ഥാനങ്ങളിലെ ഉല്പന്നങ്ങളേക്കാൾ 15% വിലനിരക്ക് കൂടുതലായും പ്രസ്തുത ഉല്പന്നം വാങ്ങാൻ നിർദ്ദേശിക്കുന്നതിന് പുറമേ ഐ.എസ്.ഐ. സർട്ടിഫിക്കറ്റ് ഉള്ളവർക്ക് 2% കൂടി കൂടുതലും വിലനിരക്കിൽ മുൻഗണന ലഭിക്കുന്നു. സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ വിപണന ടെന്ററുകളിൽ പങ്കെടുക്കുന്നതിന് ഇ.എം.ഡി./എസ്.ടി. അടയ്ക്കുന്നതിൽനിന്നും ഒഴിവാക്കുന്ന ചെറുകിട വ്യവസായ യൂണിറ്റുകളെ വൈദ്യുതി ഡ്യൂട്ടിയിൽനിന്നും പൂർണ്ണമായി ഒഴിവാക്കിയിട്ടുണ്ട്.

പ്രധാനമന്ത്രിയുടെ പ്രത്യേക തൊഴിൽദാന പദ്ധതി പ്രകാരം അഭ്യസ്തവിദ്യരായ യുവതീ യുവാക്കൾക്ക് സംരംഭങ്ങൾ ആരംഭിക്കുവാൻ 2 ലക്ഷം രൂപവരെ വായ്പ നൽകുന്നു.

ചെറുകിട വ്യവസായ സഹകരണ മേഖലയ്ക്കും കരകൗശല മേഖലയ്ക്കും വളരെയധികം ആനുകൂല്യങ്ങൾ നൽകിവരുന്നു.

ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ ക്ലിയറൻസുകൾ വേഗതയിൽ ലഭ്യമാക്കാൻ ജില്ലകൾതോറും ഗ്രീൻചാനൽ കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നു. ഇതിന് നിയമപ്രാബല്യം നൽകിയിട്ടുണ്ട്.

സ്ഥല സംബന്ധിത വ്യവസായ സമൂഹം വികസിപ്പിച്ചെടുത്ത് ചെറിയ യൂണിറ്റുകളെ സംയോജിപ്പിക്കുന്നതിലൂടെ സുദൃഢമായ വ്യവസായ ഉല്പാദന വിപണന ശൃംഖല സ്ഥാപിക്കുന്നതിനും അവയുടെ പരസ്പര ആവശ്യങ്ങൾ നിറവേറ്റുന്നതിനും ഉറപ്പുവരുത്തുവാനുമായി ജില്ലാ പഞ്ചായത്തുകളുടെ സഹായത്തോടെ വ്യവസായ സമൂഹ പദ്ധതി നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി/പട്ടികവർഗ്ഗ വ്യവസായ സംരംഭകർക്ക് കൂടുതൽ ഉദാരമാക്കിയ പദ്ധതി അനുസരിച്ച് പലിശരഹിത വായ്പയും ഗ്രാന്റും നൽകുന്നു.

(ബി)&(സി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

പൊതുമേഖലാ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കാനുള്ള ചെലവ്

24 (1365)ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമേഖലാ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കാനും പുനരുജ്ജീവിപ്പിക്കാനും വേണ്ടി എത്ര കോടി രൂപ വീതമാണ് ഓരോ വർഷവും ഈ ഗവൺമെന്റ് ചെലവഴിച്ചിട്ടുള്ളത് എന്ന് കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

കേന്ദ്ര ഗവൺമെന്റിന്റെ മുതൽമുടക്ക്

25 (1366)ശ്രീ. പി.ജെ. ജോയി :

ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-97, 1997-98, 1998-99, 1999-2000 എന്നീ വർഷങ്ങളിൽ കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്ത് എന്ത് മുതൽമുടക്ക് നടത്തിയിട്ടുണ്ട്;

(ബി) ഇത് അതതു വർഷം കേന്ദ്ര ഗവൺമെന്റ് നടത്തിയിട്ടുള്ള ഒട്ടാകെ മുതൽമുടക്കിന്റെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ലഭ്യമായ കണക്കനുസരിച്ച് സംസ്ഥാനത്ത് കേന്ദ്ര ഗവൺമെന്റ് നിക്ഷേപം 1996-97-ൽ 601.74 കോടി രൂപയും 97-98 ൽ 724.04 കോടി രൂപയും ആയിരുന്നു. 98-99, 99-2000 വർഷങ്ങളിലെ കണക്ക് ലഭ്യമല്ല.

(ബി) അതത് വർഷങ്ങളിൽ കേന്ദ്ര ഗവൺമെന്റിന്റെ ആകെ നിക്ഷേപത്തിന്റെ 2.14 ശതമാനവും, 2.39 ശതമാനവും വീതമായിരുന്നു.

കാർബൺ ബ്ലാക്ക് കമ്പനിയിലെ സമരം ഒത്തുതീർപ്പാക്കുന്നതിന് നടപടി

26 (1367)ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എറണാകുളം ജില്ലയിൽ കരിമുകളിൽ ഉള്ള കാർബൺ ബ്ലാക്ക് കമ്പനിയിൽ രണ്ടുമാസത്തിലധികമായി തൊഴിലാളികൾ നടത്തിവരുന്ന പണിമുടക്ക്

LIBRARY ARCHIVES Kerala Legislative Assembly